ഉത്തരം.

(എ) 42.

(ബി) പട്ടിക 'എ' നോക്കുക *

(സി) പട്ടിക 'ബി' നോക്കുക.

(ഡി) ഇല്ല

ഇലക്ഷൻ

56. [3] ശ്രീ. പി. സി. ആദിച്ചൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ൽ കേരളത്തിൽ പൊതു ഇലക്ഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അടുത്ത ഇലക്ഷനു് എണ്ണ ചെലവു് വരുമെന്നു് പ്രതീക്ഷിക്കുന്നു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉദ്ദേശം പതിനൊന്നു് ലക്ഷം രൂപ.

സെൻസസു് റിപ്പോർട്ടു്.

57. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-ലെ സെൻസസു് റിപ്പോർട്ടു് തയ്യാറായതായി വിവരം ലഭിച്ചുവോ ;

(ബി) പ്രസ്തുത റിപ്പോർട്ടു് നിയമസഭാ സാമാജികന്മാർക്കു് മുൻകാലങ്ങളിൽ കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ 1961-ലെ റിപ്പോർട്ടു് നിയമസഭാസാമാജികന്മാർക്കു് കൊടുക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) 1961-ലെ സെൻസസു് റിപ്പോർട്ടിന്റെ ചിലഭാഗങ്ങളം ഇപ്പോൾ അച്ചടിയിലുള്ളതായും മറ്റു ചിലവ തയ്യാറാക്കുന്നതായും വിവരം ലഭിച്ചിട്ടുണ്ടു്.

(ബി) 1951-ലെ സെൻസസു് റിപ്പോർട്ടിന്റെ ഒരു ഭാഗമായ ഡിസ്ട്രിക്റ്റു് സെൻസസു് ഹാൻറു് ബുക്കിന്റെ പ്രതികളം നിയമസഭാസാമാജികന്മാർക്കു് നൽകിയിരുന്നു.

(സി) ഈ കാര്യം ഇപ്പോൾ ആലോചനയിലുണ്ടു്.

പഞ്ചസാര ഫാക്റ്ററി.

58. [5] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ തിരുവനന്തപുരത്തു് ഒരു പഞ്ചസാര ഫാക്റ്ററി സ്ഥാപിക്കുന്ന കാര്യം എത്രമാത്രം പുരോഗമിച്ചു ;

(ബി) അതിന്റെ വിശദാംശങ്ങൾ എന്താണു് ?

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ സഹകരണമേഖലയിൽ ഒരു പഞ്ചസാര ഫാക്റ്ററി സ്ഥാപിക്കുന്നതിന ഇപ്പോൾ സാദ്ധ്യതയില്ല.

(ബി) ഉദിക്കുന്നില്ല.

ചേളാരി—പരപ്പനങ്ങാടി റോഡിന്റെ പണി.

59. [6] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേളാരി—പരപ്പനങ്ങാടി റോഡിന്റെയും പ്രസ്തുത റോഡിലെ തയ്യിലക്കടവ് പാലത്തിന്റെയും പണി ഇനിയും ആരംഭിക്കാത്തതിന് കാരണമെന്ത് ;

(ബി) 1964-65-ൽ ഇവകളുടെ പണി ആരംഭിക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ ?

ഉത്തരം.

(എ, ബി) ധനദൗർലഭ്യം കാരണം ഈ പണികൾ മാറ്റിവച്ചിരിക്കുകയാണ്. 1964-65-ൽ ഈ പണികൾ ആരംഭിക്കുവാൻ നിർവാഹമില്ല.

Mr Speaker : Order, order. Question hour is over.

CALLING ATTENTION UNDER RULE 61

Closure of uneconomic schools in the State.

Mr. Speaker : I have received two notices under Rule 61, one from Shri Hamid Ali Shemnad and the other from Shri T. C. Narayanan Nambiar. I call upon Shri Shemnad to make his statement.

Shri Hamid Ali Shemnad : Speaker Sir, may I draw the attention of the hon. Chief Minister to a very important matter of urgent public importance with regard to the closure of uneconomic schools in Kerala State. Sir, many schools in Malabar area were considered to be uneconomical as they did not have sufficient strength in classes and the Government were thinking that some of the Schools should be closed down, because they were running at a loss. The hon. Chief Minister was kind and good enough to convene a Conference of the M. L. As. of the Malabar area. Many of the Members attended that meeting. After that a list was drawn up. The District Educational Officers and Heads of Departments of the Education Department also attended the Conference. A final list of schools which were uneconomic was drawn up. There was no sign of progress. So, that Conference decided to close down those schools. Many of us pleaded to the hon. Minister for Education that some of the schools, even though they are uneconomic, considering the backwardness of the area and the geographical conditions of the village, might be allowed to continue and he was good enough to allow some of the uneconomic schools to continue. A final list was drawn up and those schools were ordered to be closed down. We all thought that it was the final list and that there would not be any further closing down of the school on account of uneconomic strength. But today we find that some Educational authorities have issued notices to many schools in

LIBRARY ARCHIVES Kerala Legislative Assembly